
■ എം. സാജിദ്

**കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ജനസേവന പ്രവർത്തനങ്ങളിലൂടെയും ജനപക്ഷ ഭരണനടപടികളിലൂടെയും ബംഗ്ലാജനതയുടെ മനം കവർന്നുകൊണ്ടിരിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയെ ഭരണത്തിൽ നിന്നും അകറ്റിനിർത്താനുള്ള ഗൂഢ ശ്രമങ്ങൾ നടക്കുന്നു. ഇപ്പോഴത്തെ കർമവേഗതയിൽ മുന്നോട്ട് പോവുകയാണെങ്കിൽ ജമാഅത്ത് ഒറ്റക്കുതന്നെ ബംഗ്ലാദേശിൽ ഭരണത്തിൽ വരുന്നത് ഏറെയൊന്നും അകലെയായിരിക്കില്ലെന്ന് രാഷ്ട്രീയ നിരീക്ഷകർ പ്രവചിച്ചിരുന്നു.**



മുതീഉർറഹ്മാൻ നിസാമി

# ബംഗ്ലാദേശിൽ ജമാഅത്ത് വേട്ട

**അഴിമതി** വിരുദ്ധ പോരാട്ടത്തിന്റെ പേരിൽ ബംഗ്ലാദേശിലെ കെയർടേക്കർ ഗവൺമെന്റ് ജമാഅത്ത് വേട്ട ആരംഭിച്ചിരിക്കുന്നു. ഗാറ്റ്കോ അഴിമതി കേസിൽ ഉൾപ്പെടുത്തി മുൻമന്ത്രിയും ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി അമീറുമായ മുതീഉർറഹ്മാൻ നിസാമിയെ പോലീസ് കഴിഞ്ഞമാസം അറസ്റ്റുചെയ്യുകയുണ്ടായി. ജമാഅത്ത് ജനറൽ സെക്രട്ടറിയും മുൻമന്ത്രിയുമായ അലി അഹ്സൻ മുജാഹിദിനെയും തുറുങ്കിലടക്കാനുള്ള ശ്രമങ്ങൾ തകൃതിയായി നടക്കുന്നുണ്ട്.

മെയ് 18-ന് രാത്രിയാണ് നിസാമിയെ ബാര മഗ്ബസാറിലെ അദ്ദേഹത്തിന്റെ വസതിയിൽനിന്ന് പോലീസ് കസ്റ്റഡിയിലെടുത്തത്. ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കിയ അമീറിനെ പിന്നീട് സെൻട്രൽ ജയിലിലേക്ക് മാറ്റി. നേരത്തെ അദ്ദേഹം സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളിയിരുന്നു.

ചിറ്റഗോംഗ് തുറമുഖത്തിലെ ചരക്കുനീക്കത്തിന്റെ അവകാശം ഗ്ലോബൽ അഗ്രോ ട്രേഡ് കമ്പനി(GATCO)ക്ക് നൽകിയത് ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണെന്നും ഇതിലൂടെ ചിലയാളുകൾ അവിഹിത നേട്ടമുണ്ടാക്കിയെന്നും അതുവഴി രാജ്യത്തിന് കോടികളുടെ നഷ്ടമുണ്ടായെന്നുമാണ് കേസിന്റെ കാതൽ. 2007 സെപ്റ്റംബർ രണ്ടിനാണ് തേജ്ഗാവ് പോലീസ്സ്റ്റേഷനിൽ കേസ് ഫയൽ ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിൽ മുൻ പ്രധാനമന്ത്രി ഖാലിദ സിയ, മുൻമന്ത്രിമാരായ അബ്ദുൽ മന്നാൻ ഭുയ്യാൻ, ഡോ. ഖൻദാകർ മുശർറഫ് ഹുസൈൻ, ശംസുൽ ഇസ്‌ലാം, മുതീഉർറഹ്മാൻ നിസാമി തുടങ്ങി 25 പേർക്കെതിരെ അഴിമതിവിരുദ്ധ കമീഷൻ (ACC) കുറ്റപത്രം തയാറാക്കി. ഇടപാടിനുവേണ്ടി അധികാരദുർവിനിയോഗം നടത്തുകവഴി 14.56 കോടി ടാക്കയുടെ അധികബാധ്യത രാജ്യത്തിനുണ്ടാക്കിയെന്നാണ് കുറ്റപത്രത്തിൽ പറയുന്നത്.


അമീറിനെ അറസ്റ്റുചെയ്ത നടപടിയെ ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി ശക്തമായി അപലപിച്ചു. നടപടി തികച്ചും രാഷ്ട്രീയപ്രേരിതമാണെന്ന് അസി. അമീർ എ.കെ.എം നാസിർ അഹ്മദിന്റെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം വിലയിരുത്തി. 20 മാസം കൃഷിമന്ത്രിയായും 40 മാസം വ്യവസായ മന്ത്രിയായും പ്രവർത്തിച്ച നിസാമിയുടെ ട്രാക്ക് റെക്കോർഡ് സുതാര്യവും അഴിമതിരഹിതവും ജനകീയപിന്തുണ നേടിയതുമായിരുന്നു. ഒരു ടാക്കയുടെ അഴിമതിപോലും അദ്ദേഹത്തിനെതിരെ ഉന്നയിക്കാൻ സാധ്യമല്ല. പർച്ചെയ്സ് കമ്മിറ്റിയിൽ അംഗമായിരുന്നു എന്നത് മാത്രമാണ് അദ്ദേഹം ചെയ്തുപോയ തെറ്റ്. സത്യസന്ധതയുടെയും സൽഭരണത്തിന്റെയും മികച്ച മാതൃകയായ നിസാമിയെ അറസ്റ്റു ചെയ്തത് ഗൂഢോദ്ദേശ്യത്തോ

ട് കൂടിയാണ്. രാജ്യത്തെ ഉന്നത രാഷ്ട്രീയ നേതാക്കളെ തുറുങ്കിലടച്ച് തെരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കാനുള്ള ശ്രമമാണിത് -ജമാഅത്ത് യോഗം കുറ്റപ്പെടുത്തി.

ജമാഅത്ത് കേന്ദ്ര എക്സിക്യൂട്ടിവ് അംഗമായ ബാരിസ്റ്റർ അബ്ദുറസാഖ് തന്നെയാണ് നിസാമിക്കുവേണ്ടി കേസ് വാദിച്ചത്. എ.സി.സി. ഡെപ്യൂട്ടി ഡയറക്ടറും അന്വേഷണ ഉദ്യോഗസ്ഥനുമായ മുനീറുൽഹഖ് നടത്തിയ ചോദ്യം ചെയ്യലിൽ നിസാമി കുറ്റം നിഷേധിച്ചതായി അദ്ദേഹം അറിയിച്ചു.

കേസിന്റെ ആദ്യഘട്ടത്തിൽ തയാറാക്കിയ എഫ്.ഐ.ആറിൽ നിസാമിക്കെതിരെ യാതൊരു കുറ്റാരോപണവും ഉണ്ടായിരുന്നില്ലെന്നും പിന്നീട് അന്വേഷണ ഉദ്യോഗസ്ഥൻ അദ്ദേഹത്തെ കേസിലേക്ക് വലിച്ചിഴക്കുകയായിരുന്നുവെന്നും ജമാഅത്ത് വൃത്തങ്ങൾ വെളിപ്പെടുത്തുന്നു. കാബിനറ്റ് സെക്രട്ടറി ഡോ. സാദത്ത് ഹുസൈൻ അടക്കം ഇടപാട് ഉറപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച ഏഴ് സെക്രട്ടറിമാരെ കേസിലുൾപ്പെടുത്തുന്നതിന് സർക്കാർ വിസമ്മതിക്കുകയായിരുന്നു.

ബംഗ്ലാദേശിലെ അസ്ഥിരവും പ്രക്ഷുബ്ധവുമായ രാഷ്ട്രീയകാലാവസ്ഥ മുതലെടുത്ത് രാജ്യത്തെ ഏകാധിപത്യത്തിലേക്ക് കൊണ്ടുപോകാനുള്ള ശ്രമങ്ങളാണ് പുതിയ സംഭവവികാസങ്ങൾക്ക് പിന്നിൽ. നിഷ്പക്ഷമായ തെരഞ്ഞെടുപ്പ് സാധ്യമാവാൻ, ഓരോ സർക്കാറിന്റെയും കാലാവധി പൂർത്തിയാവുമ്പോൾ കെയർടേക്കർ ഗവൺമെന്റിനെ ഭരണമേൽപിക്കുന്നത് ബംഗ്ലാദേശിലെ പുതിയ ചട്ടമാണ്. 1994 മുതൽ '96 വരെ ജമാഅത്തിന്റെ നേതൃത്വത്തിൽ നടന്ന ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾക്കൊടുവിലാണ് കെയർടേക്കർ ഗവൺമെന്റെന്ന ആശയം 13-ാം ഭരണഘടനാഭേദഗതിയായി അംഗീകരിക്കപ്പെട്ടത്. 2001 മുതൽ 2006 വരെ നീണ്ട ഖാലിദ സിയയുടെ ഭരണത്തിനു ശേഷമാണ് ഇപ്പോഴത്തെ കെയർടേക്കർ ഗവൺമെന്റ് അധികാരമേറ്റെടുത്തത്. എന്നാൽ ചട്ടങ്ങൾ പ്രകാരം കെയർടേക്കർ ഗവൺമെന്റിന്റെ ചീഫ് അഡ്വൈസറാവേണ്ടിയിരുന്ന ഏറ്റവും അവസാനം റിട്ടയർ ചെയ്ത ചീഫ് ജസ്റ്റിസ് കെ.എം ഹസനു പകരം ബംഗ്ലാബാങ്കിന്റെ മുൻ ഗവർണർ ഫക്രുദ്ദീൻ അഹ്മദാണ് തൽസ്ഥാനത്തെത്തിയത്. ജ: കെ.എം ഹസൻ ഖാലിദ ജമാഅത്ത് പക്ഷക്കാരനാണെന്നും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തെരഞ്ഞെടു



**ജമാഅത്തെ ഇസ്‌ലാമിയെ ബംഗ്ലാദേശിലെ മൂന്നാമത്തെ വലിയ രാഷ്ട്രീയ കക്ഷിയാക്കുന്നതിൽ നിർണായക പങ്ക് വഹിച്ച മുതീഉർറഹ്മാൻ നിസാമിയുടെ അറസ്റ്റ് ഇസ്‌ലാമിക പ്രസ്ഥാനത്തെയും പ്രവർത്തകരെയും സംബന്ധിച്ചേടത്തോളം വലിയ പരീക്ഷണമാണ്. രാജ്യമെമ്പാടും ജമാഅത്ത്-ശിബിർ പ്രവർത്തകർ പ്രതിഷേധപരിപാടികൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിസാമി സ്വതന്ത്രനാക്കപ്പെടാതെ ബംഗ്ലാദേശിൽ തെരഞ്ഞെടുപ്പും രാഷ്ട്രീയപാർട്ടികളുമായി സർക്കാർ നടത്താൻ തീരുമാനിച്ചിട്ടുള്ള 'ഡയലോഗും' അസാധ്യമായിരിക്കുമെന്നാണ് ഛാത്രശിബിർ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്.**

പ്പിന് സന്നദ്ധമല്ലെന്നുമുള്ള ശൈഖ് ഹസീനയുടെ ഭീഷണിക്ക് വഴങ്ങിയാണ് ഫക്രുദ്ദീൻ അഹ്മദിനെ പ്രസിഡന്റ് ഇയാസുദ്ദീൻ കെയർടേക്കർ സർക്കാറിന്റെ തലവനാക്കിയത്. അമേരിക്കൻ പക്ഷക്കാരനായി വിലയിരുത്തപ്പെടുന്ന ഇദ്ദേഹത്തിന്റെ ഭരണകാലത്ത് സാമ്പത്തിക പരിഷ്കാരങ്ങളെക്കുറിച്ചും മറ്റുമുള്ള ധാരാളം പഠനപരിപാടികൾ ബംഗ്ലാദേശിൽ നടന്നിരുന്നു. എന്നാൽ അഴിമതിവിരുദ്ധ നീക്കത്തിന്റെ ഭാഗമായി പല വമ്പന്മാരും കടപുഴകി വീഴാൻ തുടങ്ങിയപ്പോൾ ജനങ്ങൾ പൊതുവിൽ സംതൃപ്തരായിരുന്നു.

പല കാരണങ്ങൾ പറഞ്ഞ് തെരഞ്ഞെടുപ്പ് പ്രക്രിയ നീട്ടിവെക്കുന്നതിനെതിരെ അടുത്തകാലത്ത് ജമാഅത്ത് നേതൃത്വം ശക്തമായി ആഞ്ഞടിച്ചതിനുശേഷമാണ് അഴിമതിക്കേസുകളിൽ ജമാഅത്തിനെയും ഉൾപ്പെടുത്താനാരംഭിച്ചത്. സാത്വികരും വിശുദ്ധരുമായ ജമാഅത്ത് നേതാക്കൾക്കെതിരെയും അഴിമതിയാരോപണങ്ങൾ വരാൻ തുടങ്ങിയപ്പോൾ ജനങ്ങൾ അഴിമതിവിരുദ്ധ നീക്കത്തെ അപ്പാടെ സംശയിക്കാൻ തുടങ്ങി. തങ്ങൾക്കെതിരെ ശബ്ദമുയർത്തുന്നവരെയെല്ലാം 'അഴിമതികാർഡ്' കൊണ്ട് നേരിട്ട്, കെയർടേക്കർ ഭരണം നീട്ടിക്കൊണ്ടുപോവാനുള്ള ശ്രമമായാണ് ഇത് വിലയിരുത്തപ്പെട്ടത്. കൃഷി-വ്യവസായ വകുപ്പുകളിലായി അഞ്ചുവർഷം ഉജ്ജ്വല ഭരണം കാഴ്ചവെച്ച നിസാമിക്കെതിരിൽ നേരിട്ട് ബന്ധമുള്ള കുറ്റങ്ങളൊന്നും ലഭിക്കാതെ വന്നപ്പോൾ മറ്റൊരു വകുപ്പിന്റെ കീഴിലെ പർച്ചെയ്സ് കമ്മിറ്റി അംഗമായതിന്റെ പേരുപറഞ്ഞ് അദ്ദേഹത്തെ തുറുങ്കിലടച്ചത് ഇതിന്റെ വ്യക്തമായ തെളിവാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ജനസേവന പ്രവർത്തനങ്ങളിലൂടെയും ജനപക്ഷ ഭരണനടപടികളിലൂടെയും ബംഗ്ലാ ജനതയുടെ മനം കവർന്നുകൊണ്ടിരിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയെ ഭരണത്തിൽ നിന്നും അകറ്റിനിർത്താനുള്ള ഗൂഢമായ ശ്രമങ്ങളും ഇതിനു പിന്നിലുണ്ട്. ഇപ്പോഴത്തെ കർമവേഗതയിൽ മുന്നോട്ട് പോവുകയാണെങ്കിൽ ജമാഅത്ത് ഒറ്റക്കുതന്നെ ബംഗ്ലാദേശിൽ ഭരണത്തിൽ വരുന്നത് ഏറെയൊന്നും അകലെയായിരിക്കില്ലെന്ന് രാഷ്ട്രീയ നിരീക്ഷകർ നേരത്തെ പ്രവചിച്ചിരുന്നു.

2001 മുതൽ ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമിയുടെ അധ്യക്ഷസ്ഥാനത്തിരിക്കുന്ന മുതീഉർറഹ്മാൻ നിസാമി 2001 ഒക്ടോബർ 10-നാണ് കൃഷിവകുപ്പ് മന്ത്രിയായി ചുമതലയേറ്റത്. കാർഷികകടങ്ങൾ എഴുതിത്തള്ളിയും ദരിദ്രകർഷകർക്ക് പലിശരഹിത വായ്പകൾ നൽകിയും സബ്സിഡികൾ വർധിപ്പിച്ചും അഴിമതി കർശനമായി തടഞ്ഞും കുറഞ്ഞകാലം കൊണ്ട് തന്നെ അദ്ദേഹം ജനപ്രീതി നേടി. 20 മാസം കഴിഞ്ഞപ്പോഴേക്ക് പ്രധാനമന്ത്രി ഖാലിദ സിയ അദ്ദേഹത്തെ വ്യവസായ വകുപ്പിലേക്ക് മാറ്റി. കുറഞ്ഞകാലം കൊണ്ട് കൃഷിവകുപ്പിൽ വരുത്തിയ ഗുണപരമായ മാറ്റങ്ങൾ വ്യവസായ വകുപ്പിൽ കൂടി ആവശ്യമായതുകൊണ്ടാണ് മാറ്റമെന്നായിരുന്നു പ്രധാനമന്ത്രിയുടെ വിശദീകരണം. എന്നാൽ സാധാരണക്കാരായ പൊതുജനങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്ന കൃഷിവകുപ്പിൽ ഇങ്ങനെ ഏറെനാൾ തുടരാനനുവദിച്ചാൽ മൗലാന ബംഗ്ലാദേശും കൊണ്ടേ പോകൂ എന്ന പേടിയാണ് മാറ്റത്തിന് കാരണമെന്നാണ് രാഷ്ട്രീയവൃത്തങ്ങളിലെ പരസ്യമായ രഹസ്യം. ഈ അഞ്ചുവർഷക്കാലവും അദ്ദേഹത്തിനെതിരിൽ അഴിമതിയുടെയോ ദുർഭരണത്തിന്റെയോ യാതൊരു ആരോപണങ്ങളും ഉണ്ടായിരുന്നില്ല. തീവ്ര സെക്യുലരിസ്റ്റുകൾക്കും ദേശീയവാദികൾക്കും -ജമാഅത്തുകാരനായതിനാൽ മാത്രം- അദ്ദേഹം കണ്ണിലെ

കരടായിരുന്നു എന്നുമാത്രം.

പണ്ഡിതനും ചിന്തകനും സംഘാടകനും പ്രഭാഷകനും എഴുത്തുകാരനുമായ നിസാമി മികച്ച പാർലമെന്റേറിയൻ കൂടിയാണ്. 1943 മാർച്ച് 31 ന് പാബ്ന ജില്ലയിലെ ഒരു കുലീനകുടുംബത്തിലാണ് ജനനം. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ദാഖിൽ, ആലിം, ഫാസിൽ, കാമിൽ പരീക്ഷകൾ പൂർത്തിയാക്കി. 1967-ൽ ധാക്ക സർവകലാശാലയിൽ നിന്ന് ബിരുദം നേടി. 1971-ൽ ധാക്കയിലെ ഇസ്‌ലാമിക് റിസർച്ച് അക്കാദമിയിൽ ചേർന്നാണ് പൊതുജീവിതം ആരംഭിച്ചത്. പത്രപ്രവർത്തനത്തിലും പരിഭാഷയിലും ഒരുകൈ നോക്കിയ അദ്ദേഹം പിന്നീട് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുഴുവൻ സമയ ഉത്തരവാദിത്വങ്ങളിലേക്ക് ശ്രദ്ധതിരിക്കുകയായിരുന്നു.

അവിഭക്ത പാകിസ്താനിൽ ജമാഅത്ത് വിദ്യാർഥി വിഭാഗമായ ഇസ്‌ലാമി ജംഇയ്യത്തു ത്വലബയുടെ കേന്ദ്രപ്രസിഡന്റായിട്ടുണ്ട്. ഇസ്‌ലാമിക സർവകലാശാല ആരംഭിക്കുന്നതിനും മദ്റസാ വിദ്യാർഥികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഇസ്‌ലാമിക വിദ്യാഭ്യാസരീതി കൊണ്ടുവരുന്നതിനും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജംഇയ്യത്ത് നടത്തിയ പ്രക്ഷോഭങ്ങൾ ചരിത്രപ്രധാനങ്ങളാണ്.

1978-ലാണ് ജമാഅത്ത് കേന്ദ്ര കമ്മിറ്റിയിലെത്തുന്നത്. അതിനുശേഷം ജമാഅത്ത് അസി. സെക്രട്ടറി, ജനറൽ സെക്രട്ടറി എന്നീ ഉത്തരവാദിത്വങ്ങൾ വഹിച്ചു. 1991-ലാണ് സ്വദേശമായ പാബ്ന ജില്ലയിലെ സാന്തിയ-ബേര മണ്ഡലത്തിൽ നിന്ന് ആദ്യമായി പാർലമെന്റിലെത്തിയത്. അന്ന് ജമാഅത്ത് പാർലമെന്ററി പാർട്ടി ലീഡർ കൂടിയായിരുന്നു. 2001-ൽ അതേ മണ്ഡലത്തിൽ നിന്ന് വീണ്ടും വിജയിച്ചു. ഒട്ടനവധി ഉപസമിതികളിൽ അധ്യക്ഷനായും അംഗമായും പ്രവർത്തിച്ചു.

ഉജ്ജ്വലമായ തൂലികയുടെ ഉടമകൂടിയാണ് നിസാമി. 19 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ദിനപത്രങ്ങളിലും ആനുകാലികങ്ങളിലും ധാരാളം ലേഖനങ്ങളെഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളെ അധികരിച്ച് 20 ഗ്രന്ഥങ്ങൾ വേറെയും പുറത്തുവന്നിട്ടുണ്ട്. ബംഗ്ലാദേശിൽ ജമാഅത്തിനു കീഴിലുള്ള ഒട്ടനവധി സ്ഥാപനങ്ങളുടെയും ട്രസ്റ്റുകളുടെയും നായകൻ കൂടിയാണദ്ദേഹം.

ഭാര്യ ശംസുന്നഹർ. സസ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദധാരിണിയും എഴുത്തുകാരിയും വിദ്യാഭ്യാസപ്രവർത്തകയുമാണ്. ജമാഅത്ത് വനിതാവിഭാഗം അസി. സെക്രട്ടറിയാണ്. നിസാമി ദമ്പതികൾക്ക് നാല് ആൺമക്കളും, രണ്ട് പെൺമക്കളുമുണ്ട്.

ബംഗ്ലാദേശ് വിഭജനത്തിനെതിരായ ജമാഅത്ത് നിലപാട് മൂലം ഏറെ തെറ്റിദ്ധരിക്കപ്പെട്ട വ്യക്തിയാണ് നിസാമി. തീവ്ര സെക്യുലരിസ്റ്റുകളും ഇടതരും യുദ്ധകുറ്റവാളിയായിട്ടാണ് ഇപ്പോഴും അദ്ദേഹത്തെ ചിത്രീകരിക്കാറുള്ളത്. ജമാഅത്തെ ഇസ്‌ലാമിയെ ബംഗ്ലാദേശിലെ മൂന്നാമത്തെ വലിയ രാഷ്ട്രീയകക്ഷിയാക്കുന്നതിൽ നിർണായക പങ്ക് വഹിച്ച അദ്ദേഹത്തിന്റെ അറസ്റ്റ് ഇസ്‌ലാമിക പ്രസ്ഥാനത്തെയും പ്രവർത്തകരെയും സംബന്ധിച്ചേടത്തോളം വലിയ പരീക്ഷണമാണ്. രാജ്യമെമ്പാടും ജമാഅത്ത്-ശിബിർ പ്രവർത്തകർ പ്രതിഷേധപരിപാടികൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിസാമി സ്വതന്ത്രനാക്കപ്പെടാതെ ബംഗ്ലാദേശിൽ തെരഞ്ഞെടുപ്പും രാഷ്ട്രീയപാർട്ടികളുമായി സർക്കാർ നടത്താൻ തീരുമാനിച്ചിട്ടുള്ള 'ഡയലോഗും' അസാധ്യമായിരിക്കുമെന്നാണ് ഛാത്രശിബിർ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. ഈ ആവശ്യാർഥം ഒരു വെബ്സൈറ്റ് തന്നെ (www.freenizamicampaign.com) ആരംഭിച്ചിട്ടുണ്ട്.

ഘനമേഘങ്ങൾ നീങ്ങിപ്പോകുമെന്നും രാജ്യത്ത് ജനങ്ങളുടെ ഭരണം തിരിച്ചുവരുമെന്നും പറഞ്ഞാണ് ജമാഅത്ത് അമീർ അറസ്റ്റ് വരിച്ചത്. ഇത് പ്രവർത്തകരെ കർമോത്സുകരാക്കാനും ആവേശഭരിതരാക്കാനും കാരണമായിട്ടുണ്ട്. പുതിയ വെല്ലുവിളികളെ ക്രിയാത്മകമായി നേരിടാൻ ജമാഅത്ത് നേതൃത്വത്തിന് കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷ. ■

sajidm75@gmail.com